# സമഗ്ര ഗുണമേന്മാ

# വിദ്യാഭ്യാസം

# (അക്കാദമിക മാസ്റ്റർ പ്ലാൻ)

# 2025-26

## അവതാരിക

അക്കാദമികരംഗത്ത് ഗവേഷണാത്മകമായി ഇടപെടുന്ന അധ്യാപകരെയും വിദ്യാലയങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പ്രായോഗികമായ അന്വേഷണങ്ങൾ നടത്തുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കു കയും ചെയ്യുന്ന വിദ്യാലയങ്ങളാണ് മികവുറ്റതാകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും അതാത് പ്രായഘട്ടത്തിന് അനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

Headmaster
N.S.S.U.P.S. Muthupilakadu

| | | |
|---|---|---|
| *School Name* | : | *NSSUPS, Muthupilakkad* |
| *Address* | : | *Muthupilakkad, Sasthamcotta*<br>*Poruvazhy P.O* |
| *Ph. No* | : | *9696150371* |
| *School Code* | : | *39543* |
| *Ward* | : | *Cinimaparamb* |
| *Village* | : | *Sasthamcotta* |
| *Panchayath* | : | *Sasthamcotta* |
| *Block* | : | *Sasthamcotta* |
| *District* | : | *Kollam* |
| *Constituency* | : | *Kunnathoor* |
| *Parliament* | : | *Mavelikara* |
| *Educational Sub District* | : | *Sasthamcotta* |
| *Educational District* | : | *Kottarakara* |
| *CRC* | : | *Panapetty* |
| *BRC* | : | *Sasthamcotta* |
| *HM* | : | *Premchand.P.R* |
| *Ph. No* | : | *9446151035* |
| *Email* | : | *39543mpkd@gmail.com* |

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ലഘു ചരിത്രം
3. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപാട്
4. ലക്ഷ്യങ്ങൾ
5. പദ്ധതി രൂപീകരണ പ്രക്രിയാഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ് രീതി
11. ഉപസംഹാരം

## ആമുഖം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 10 വർഷത്തേക്കാണ് ഈ വികസന പദ്ധതി രേഖ തയ്യാറാക്കുന്നത്. സമഗ്രഗുണമേന്മാ വിദ്യാഭ്യാസം എന്ന ആശയത്തിൽ ഊന്നിക്കൊണ്ടാണ് വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും, അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിനു സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിലൂടെയും വ്യക്തമായ മുന്നൊരുക്കങ്ങളിലൂടെ സമയ ബന്ധിതമായി സമഗ്രവിദ്യാലയ വികസന പദ്ധതിക്കു രൂപം നൽകിയിരിക്കുന്നു.

മുതുപിലാക്കാട് എൻ.എസ്സ്.എസ്സ്, യു.പി.സ്കൂൾ 1958ൽ ആണ് സ്ഥാപിതമായത്. കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട പഞ്ചായത്തിലെ മുതുപിലാക്കാട് ഗ്രാമപ്രദേശത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. N.S.S Co-operative മാനേജുമെന്റിൽ ഉൾപ്പെടുന്നതാണ് ഈ സ്കൂൾ. ഈ സ്കൂളിൽ 5, 6, 7 എന്നീ സ്റ്റാൻഡേർഡുകളിൽ ആകെ 86 കുട്ടികൾ ഉണ്ട്. 45 ആൺകുട്ടികളും 41 പെൺകുട്ടികളും ഉണ്ട്. ആകെ 3 ഡിവിഷൻ ഉണ്ട്. പ്രഥമാധ്യാപകൻ, 3 അദ്ധ്യാപകർ,

ഓഫീസ് അറ്റൻഡൻറ് എന്നിവർ സേവനം അനുഷ്ഠിക്കുന്നു. പി.റ്റി.എ മാതൃസമിതി, വികസനസമിതി എന്നിവരുടെ സഹകരണത്തോടെ അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ കഴിയുന്നു. ഈ സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി മാനേജുമെൻറിൽ നിന്നും വേണ്ട സഹായ സഹകരണങ്ങൾ ലഭിക്കുന്നു.

സ്കൂളിൽ ഓഫീസ് റൂം, 6 ക്ലാസ്സ് റൂം, സ്റ്റാഫ് റൂം, കമ്പ്യൂട്ടർ റൂം, ഉച്ച ഭക്ഷണം തയ്യാറാക്കാൻ അടുക്കള, സ്റ്റോർ എന്നിവ ഉണ്ട്. അദ്ധ്യാപകർക്ക് ടോയ്‌ലെറ്റും, കുട്ടികൾക്ക് 1 ടോയ്‌ലെറ്റും 2 യൂറിനലും നിലവിൽ ഉണ്ട്. വൈദ്യുതി സൗകര്യം ഉണ്ട്. ഓഫീസിലും സ്റ്റാഫ് റൂമിലും എല്ലാ ക്ലാസ്സുകളിലും ഫാൻ ഉണ്ട്. സ്കൂളിൽ ഉപയോഗക്ഷമമായ കളിസ്ഥലം ഉണ്ട്. സ്കൂളിന് പൂർണ്ണമായ ചുറ്റുമതിൽ ഉണ്ട്. എല്ലാ കാലാവസ്ഥയിലും സ്കൂളിൽ എത്താൻ അനുയോജ്യമായ റോഡ് സൗകര്യം ഉണ്ട്. കുടിവെള്ള സൗകര്യം ലഭ്യമാണ്. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ എടുത്തിട്ടുള്ളതുകൊണ്ട് പൈപ്പുവെള്ളമാണ് ഉപയോഗിക്കുന്നത്. കുട്ടികൾക്ക് കൈകഴുകാൻ ടാപ്പ് ഫിറ്റ് ചെയ്തിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കുന്നതിനാവശ്യമായ പ്ലേറ്റ്, സ്പൂൺ, ഗ്ലാസ്സ് എന്നിവ സ്കൂളിൽ ഉണ്ട്.

## പൊതുലക്ഷ്യം

1. സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്രമായ വിദ്യാഭ്യാസം നൽകുന്നു.

2. ലൈബ്രറി ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, ജീവിതവെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പിന്തള്ളപ്പെട്ടു നിൽക്കുന്ന കുട്ടികളുടെ ഉയർച്ചയ്ക്ക് വഴിവയ്ക്കുന്ന തരത്ത വിദ്യാഭ്യാസം.

4. നിയമങ്ങളെ സംബന്ധിക്കുന്ന അറിവും അവബോധവും കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കണം

5. നമ്മുടെ സാംസ്കാരിക പൈതൃകത്തോടും, ഭരണഘടനയോടും ആദരപൂർവ്വമായ മനോഭാവം കുട്ടികളിൽ സൃഷ്ടിക്കണം.

6. പഠനത്തിനായി ഓൺലൈൻപ്ലാറ്ഫോമുകൾ സജ്ജമാക്കണം.

7. ഐ.സി.റ്റി സാധ്യത ഉപയോഗിച്ചുള്ള പഠനം ഉറപ്പുവരുത്തൽ.

8 കൗൺസിലിംഗ് സൗകര്യം ഉറപ്പുവരുത്തു

9. കലാ, കായിക പ്രവൃത്തി പരിചയമേള, ശാസ്ത്ര മേള, ഐ.റ്റി മേള എന്നിവയിലെ പങ്കാളിത്തം ഉറപ്പു വരുത്തുക.

10.. കാർഷിക സംസ്കാരം വളർത്തിയെടുക്കുക .

11. സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക.

12. ജനാധിപത്യത്തിന്റെ നേടുംതൂണുകളിൽ ഒന്നായ മീഡിയയെ സ്കൂൾ വിദ്യാഭ്യാസത്തിൽ പരമാവധി പ്രയോജനപ്പെടുത്തുക .

13. വിദ്യാലയത്തിൻറെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.

14. വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന വിധം ഓരോ കുട്ടിയുടെയും നിശ്ചിത കാലയളവിലെ പുരോഗതി ,പഠന പ്രശ്നങ്ങൾ , ഹാജർനില ,മറ്റു കഴിവുകൾ എന്നിവ രക്ഷിതാക്കളെ എല്ലാ മാസവും ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക.

15. ലഹരി വിരുദ്ധ മനോഭാവം വളർത്തുക .

16. നിലവാരമുള്ള അധ്യാപക പരിശീലനം .

17. പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് യാഥാർഥ്യമാക്കുക .

## ലഘുചരിത്രം

1958-ൽ ആണ് ഈ സ്കൂൾ സ്ഥാപിതമായത് N.S.S Co-operative മാനേജു മെന്റിൽ ഉൾപ്പെടുന്നതാണ്. സ്കൂളിന്റെ അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളിൽ മാനേജുമെന്റിന്റെ നേതൃത്വവും പൂർണ്ണ സഹകരണവും നമുക്കു ലഭിക്കുന്നുണ്ട്. മുതു പിലാക്കാട് ഗ്രാമപ്രദേശത്തെ ഏക യു.പി.സ്കൂൾ ആണ്. ഏകദേശം 4 ഡിവിഷൻ വീതം ഉണ്ടായിരുന്ന ഈ സ്കൂളിൽ ഇപ്പോൾ ഓരോ ഡിവിഷൻ വീതമാണ് ഉള്ളത്. നാല് ഹൈസ്കൂളുകളുടെ ഇടയിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. വാഹന സൗകര്യം കുറവാണ്. ഈ സ്കൂളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് തിളക്കമാർന്ന പല നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. കീർത്തി ചക്ര എന്ന സൈനിക ബഹുമതി പൂർവ്വ വിദ്യാർത്ഥിക്കു ലഭിച്ചു.

# കാഴ്ചപ്പാട്

1) മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉന്നത തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസര തുല്യത, സാമൂഹ്യനീതി. ഗുണത, എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കും

2) ആധുനിക സാങ്കേതിക വിദ്യ പ്രയോജന പ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കും.

3) സ്കൂൾ SRG,PTA, പൂർവ വിദ്യാർത്ഥി സംഘടന ഗ്രന്ഥശാലകൾ ഇവയുടെ കൂട്ടായ ശ്രമങ്ങളും സ്കൂളിന്റെ പ്രവർത്തനത്തിന് ദിശാബോധം നൽകണം.

4) ഈ സ്കൂളിൽ നിന്ന് പഠനം പൂർത്തിയാക്കുന്ന ഓരോ കുട്ടിയും ജീവിതമൂല്യങ്ങളും ജീവിതശേഷിയും വിഭാവനം ചെയ്ത വ്യക്തിത്വങ്ങളായി വളരുന്നു എന്ന് ഉറപ്പാക്കാൻ രക്ഷകർത്ത്യ വിദ്യാഭ്യാസവും ഒപ്പം പൊതു സമൂഹ കൂട്ടായ്മകൾ ഒരുക്കാനും സ്കൂൾ സജ്ജമാക്കണം.

5) പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യ ധാരയിൽ എത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്കു എത്തിച്ചേരുകയും ചെയ്യും.

6) ആധുനിക സൗകര്യങ്ങൾ ഉള്ള വായനശാല ലബോറട്ടറി എന്നിവ സ്കൂളിൽ ഉണ്ടാകും.

7) കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവുവരുത്താനുള്ള കൗൺസിലിംഗ് സൗകര്യം സ്കൂളിൽ ഉണ്ടാകും

8) കാർഷിക സംസ്കാരമുള്ള പുതു തലമുറ വളരും.

9) കല, കായിക, പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിൽ അനുഗുണമായ ഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കും.

10) കുട്ടികൾക്ക് മൂന്നു ഭാഷ (മാതൃ ഭാഷ ,ഇംഗ്ലീഷ് ,ഹിന്ദി )അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും .

11) ക്ലാസ് മുറികൾ സ്മാർട്ടാകും .

12) പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തവും ആയ ക്യാമ്പസ് രൂപപ്പെടും .

13) കുട്ടിയുടെ മികവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിക്കും.

14) ഈ സ്കൂൾ ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു പ്രവർത്തിക്കും.

15) കാലാവസ്ഥ വ്യതിയാനമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകമായ മനോഭാവം സൃഷ്ടിക്കും .

16) സ്കൂളിൽ വാഹന സൗകര്യം ഏർപ്പെടുത്തും.

17) ലഹരി വിരുദ്ധ മനോഭാവം വളർത്തും.

18) കുട്ടികളുടെ സർഗാത്മക ശേഷികൾ സാമൂഹിക വളർച്ചയ്ക്കുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും.

19) ശുചിത്വം,ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

20) പാഠ -പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ

പ്രഥമാധ്യാപകരുടെ യോഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും മാർഗ്ഗരേഖ എങ്ങനെ തയ്യാറാക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ മാർഗ്ഗരേഖ വിജയപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കേണ്ടത് അധ്യാപകരാണ്

1 20/09/2025 ൽ കൂടിയ എസ് ആർ ജി യോഗത്തിൽ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുമെന്ന് വിശദമായി ചർച്ച ചെയ്തു തീരുമാനമെടുത്തു

2) വികസനാവശ്യങ്ങൾ ക്ലാസ്സ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് തയ്യാറാക്കൽ.

3) കരട് രൂപരേഖ SRG PTA SSG, MPTA തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4) ശിൽപ്പശാലയിൽ ഉയർന്നുവരുന്ന നിർദേശങ്ങൾ കുട്ടിച്ചേർക്കൽ.

5) PTA നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതികം

സ്കൂളിൽ ക്ലാസ്സ്റൂം, ഓഫീസ്റൂം, സ്റ്റാഫ്റൂം, ഉച്ചഭക്ഷണം തയ്യാറാക്കാൻ അടുക്കള, സ്റ്റോർ എന്നിവയുണ്ട്. അധ്യാപകർക്ക് ഒരു ടോയ്‌ലറ്റും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഓരോ ടോയ്‌ലറ്റും രണ്ട് യൂറിനലും വീതം നിലവിലുണ്ട്. വൈദ്യുതി സൗകര്യമുണ്ട്. സ്കൂളിന് പൂർണ്ണമായ ചുറ്റുമതിലുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ഉണ്ട്.

ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ മുൻകൂട്ടി തയ്യാറാക്കി അവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ, യോഗക്ലാസ്സുകൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ എന്നിവ ഏറെ ജനശ്രദ്ധ ആകർഷിച്ചു. എന്നിവയിലെല്ലാം PTA, MPTA എന്നിവരുടെ ശക്തമായ സാന്നിദ്ധ്യമുണ്ടായിരുന്നു. നേതാജി ഗ്രന്ഥശാലയിൽ നിന്ന് പുസ്തകങ്ങൾ എടുത്ത് വിതരണം ചെയ്ത് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു. ബഡ്ഡിങ് റൈറ്റേഴ്സിന്റെ 80 പുസ്തകൾ ലഭിക്കുകയും അത് കുട്ടികൾക്ക് നല്കി അവരുടെ വായനാശീലം വളർത്തുന്നതിലേക്ക് ഉപകരിക്കുകയും ചെയ്തു. ഉച്ചസമയത്ത് കുട്ടികൾക്ക് പത്രം നല്കി അവയിൽ നിന്ന് ക്വിസ് പ്രോഗ്രാം നടത്തുന്നു. പഠനത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നല്കിവരുന്നു.

കുട്ടികളിലെ ഇംഗ്ലീഷ് പഠന നിലവാരം ഉയർത്താനായി CONVERSATION,SKIT,ROLE PLAY ,SPEECH എന്നിവ നടത്തിവരുന്നു സ്കൂൾ തലത്തിൽ സയൻസ് ക്ലബ്, സാമൂഹ്യ ശാസ്ത്ര ക്ലബ് , വിദ്യാരംഗം ,ശുചിത്വ ക്ലബ് , ഗണിത ,പരിസ്ഥിതി ക്ലബ് എന്നിവ അധ്യാപകരുടെ ചുമതലയിൽ വൈവിധ്യ പ്രവർത്തനങ്ങൾ നടത്തുന്നു.

എല്ലാ മാസവും യൂണിറ്റ് ടെസ്റ്റ് നടത്തി , ക്ലാസ് പി.റ്റി.എ യിലൂടെ രക്ഷകർത്താക്കളെ കുട്ടികളുടെ പഠന നിലവാരം അറിയിക്കുന്നു. എല്ലാ ദിവസവും നടത്തി വരുന്ന അസ്സെംബ്ലിയിൽ പത്രവാർത്ത ,ക്വിസ് ,ദിനാചരണ പ്രാധാന്യം ,സാഹിത്യകാരന്മാരെ പരിചയപ്പെടൽ എന്നിവ ഉൾപ്പെടുത്തുന്നു. .എല്ലാമാസവുംപി.റ്റി.എഎക്സിക്യൂട്ടീവ്,ഉച്ചഭക്ഷണ കമ്മിറ്റി,മാതൃസമിതി എന്നിവ കൂടി സ്കൂളിന്റെ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നു.മാസം തോറും നടത്തിവരുന്ന രണ്ട് എസ്.ആർ .ജി യിലൂടെ അക്കാദമിക, അനക്കാദമിക പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു

## പരിമിതികൾ

ലാബ്,ലൈബ്രറി,കമ്പ്യൂട്ടർ ലാബ് എന്നിവ ആധുനികവത്കരിക്കണം ആഡിറ്റോറിയം ഇല്ല. പാചകപ്പുര നവീകരിക്കണം ഭോജനശാല ആവശ്യമാണ്.

മൂല്യനിർണയ പ്രവർത്തനങ്ങളിൽ അഞ്ചു മുതൽ ഏഴു വരെ ക്ലാസ്സുകളിലെ കുട്ടികളെ നോക്കുമ്പോൾ പത്തു ശതമാനം പിന്നോക്കനിലവാരം പുലർത്തുന്നു. കണക്ക്.ഇംഗ്ലീഷ് ഹിന്ദി എന്നീ വിഷയങ്ങളിലാണ് കുട്ടികൾക്ക് ബുദ്ധിമുട്ടു നേരിടുന്നത്. ഇവയ്ക്കു തുടർ പ്രവത്തനങ്ങൾ നൽകി പോരായ്മകൾ പരിഹരിച്ചു വരുന്നു.അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ വേണ്ടത്ര പിന്തുണ ലഭിക്കുന്നില്ല. കലാകായിക പരിശീലനത്തിന് വേണ്ട അധ്യാപകർ ഇല്ല. വാഹനഷെഡ് നിർമിക്കാണ്ടതുണ്ട്. പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് ആവശ്യമാണ്. വേണ്ടത്ര കമ്പ്യൂട്ടറുകൾ കുട്ടികൾക്ക് ലഭ്യമല്ല.

# 2025-26 മികവ് പ്രവർത്തനം

അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലെ ഭാഷാവിഷയങ്ങളിലും ഗണിതത്തിലും അടിസ്ഥാനമുറപ്പിക്കൽ.

1. ഭാഷാവിഷയങ്ങളിലും ഗണിതത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലിസ്റ്റ്
2. 9.00 മണി മുതൽ 9.45 വരെ പഠിപ്പിക്കാൻ തീരുമാനിക്കുന്നു.
3. പഠനതന്ത്രങ്ങളുപയോഗിച്ച് അക്ഷരമുറപ്പിക്കാനും ശ്രമിക്കുന്നു.
4. ചെറിയ വാക്കുകൾ നല്കി വായിപ്പിക്കുന്നു.
5. ഹിന്ദിക്ക് അക്ഷരകാർഡ് നല്കി അക്ഷരം തിട്ടപ്പെടുത്തുന്നു.
6. അധ്യാപകർ പറയുന്ന വാക്കുകൾ ബോർഡിൽ എഴുതിപ്പിക്കുന്നു.
7. വായനാക്കാർഡുകൾ നൽകി വായിപ്പിക്കുന്നു.
8. ചെറിയ കഥകൾ (ബാലകഥകൾ) വായിപ്പിക്കുന്നു.
9. ഹിന്ദിയിൽ ഉച്ചാരണ ശബ്ദങ്ങൾ പഠിപ്പിക്കുന്നു.
10. പിന്നീട് അക്ഷരങ്ങൾ പഠിപ്പിക്കുന്നു.
11. വാക്കുകൾ എഴുതിപ്പിക്കുന്നു
12. പാഠഭാഗങ്ങൾ വായിക്കാൻ ശീലിക്കുന്നു.

## ഗണിതം

1 രണ്ടക്കസംഖ്യകൾ നൽകി സങ്കലനം, വ്യവകലനം എന്നിവ ഉറപ്പിക്കുന്നു.

2 ഗുണനപ്പട്ടിക ഉറപ്പിക്കുന്നു.

3 രണ്ടക്കസംഖ്യകൾ നല്കി ഗുണനം, ഹരണം എന്നിവ ചെയ്ക്കുന്നു.

4 മൂന്നക്കസംഖ്യകളും നാലക്കസംഖ്യകളും നല്കി ഗുണനം, ഹരണം എന്നിവ ഉറപ്പിക്കുന്നു.

5 ഭിന്നസംഖ്യകളും ദശാംശരൂപങ്ങളും എന്നിവ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

6 ഇത്രയും പ്രവർത്തനങ്ങളിലൂടെ ഗണിതം എന്ന വിഷയത്തോടുള്ള ആദിമുഖ്യം കുട്ടികളിൽ വളർത്തുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാ ശേഷി വികസനം | • ഓഫീസ് മുറി | മാനേജ്മെന്റ് |
| • വായനാ പരിപോഷണം | • സ്റ്റാഫ് മുറി | മാനേജ്മെന്റ് |
| • ലൈബ്രറി ശാക്തീകരണം | • ഗേറ്റ് | മാനേജ്മെന്റ് |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • കളിസ്ഥലം | |
| • ശാസ്ത്ര പോഷണ പരിപാടി | • ചിൽഡ്രൻസ് പാർക്ക് | മാനേജ്മെന്റ് |
| • ലബോറട്ടറി ആധുനികവത്കരണം | • ക്ലാസ്സ് മുറികൾ | മാനേജ്മെന്റ് |
| • അഭിമുഖങ്ങൾ | • കമ്പ്യൂട്ടർ റൂം | |
| • നാടകക്കളരി | • ലൈബ്രറി റൂം | മാനേജ്മെന്റ് |
| • പച്ചക്കറിത്തോട്ടം | • അടുക്കള സ്റ്റോർറൂം | മാനേജ്മെന്റ് |
| • ജൈവവൈവിധ്യ പാർക്ക് | • ഡൈനിംഗ് ഹാൾ | മാനേജ്മെന്റ് |
| • കായിക പഠനം | • അസംബ്ലി ഹാൾ | |
| • സാഹിത്യ പോഷണ പരിപാടി | • കുടിവെള്ള വിതരണം | |
| • പഠനയാത്രകൾ | • മാലിന്യ സംസ്കരണം | |
| • സെമിനാറുകൾ | • കളിയുപകരണങ്ങൾ | |
| • ദിനാചരണം | • ലാപ്ടോപ്പ് | |
| • കലാകായികമേള | • ഫർണ്ണീച്ചറുകൾ | |
| • ഐ.ടി പരിശീലനം | • ഗണിതോത്സവം | |
| • അദ്ധ്യാപകശാക്തീകരണ പരിപാടികൾ | • ശാസ്ത്രലാബ് | |
| • രചനാശില്പശാല | • ഗണിത ലാബ് | |
| • ക്ലാസ്സ് പി.ടി.എ.സജീവമാക്കൽ | • റീഡിംഗ് റൂം | |

| | | |
|---|---|---|
| • സ്കൂൾ പത്രം/മാസിക<br>• എസ്.ആർ.ജി.ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• രചനാശില്പശാല<br>• പോഷകാഹാരം പരിപാടി<br>• ടേം മൂല്യനിർണ്ണയം നിരന്തര വിലയിരുത്തൽ | • പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ സംവിധാനങ്ങൾ<br>• സ്കൂൾ കെട്ടിടം നവീകരിക്കൽ<br>• ഹൈടെക്ക് സംവിധാനങ്ങൾ<br>• മഴക്കുഴികൾ | |

# പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • ഭാഷാപഠനം എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക<br>• വായനയിലൂടെ കുട്ടിയുടെ പഠന നിലവാരം മെച്ചപ്പെടുത്തുക. | • ക്ലാസ് റൂം ലൈബ്രറി സ്ഥാപിക്കുന്നു.<br>• കുട്ടികളുടെ നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്തു കൊടുക്കുന്നു.<br>• ക്ലാസ്സിൽ ഓരോ കുടിക്കും പുസ്തകം സ്വയം തെരഞ്ഞെടുക്കാനുള്ള<br>• അവസരം നൽകുന്നു.<br>• വർത്തമാനപത്രം മുതൽ വൈവിധ്യമാർന്ന സാഹിത്യ കൃതികൾ വരെ ക്ലാസ്സ് മുറിയിൽ കിട്ടുവാനുള്ള അവസരം ഒരുക്കുന്നു.<br>• ലളിതമായ ഭാഷാവ്യവഹാര രൂപങ്ങളും കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ തുടങ്ങിയ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കുന്നു.<br>• പുസ്തക ചർച്ച, സാഹിത്യ ചർച്ച<br>• പുസ്തക പ്രദർശനം, വായനാ കുറുപ്പുകളുടെ പങ്കിടൽ പുസ്തക പരിചയം, മികച്ച വായനക്കാരെ പ്രോത്സാഹിപ്പിക്കൽ, എഴുത്തുകാരുമായി അഭിമുഖം . | 2 വർഷം | അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| • വായനാപരിപോഷണം<br><br>• ലൈബ്രറി ശാക്തീകരണം<br><br><br><br><br><br><br><br><br><br><br><br><br><br>• ഭാഷയുടെ കൂടുതൽ സാധ്യതകൾ തിരിച്ചറിയുന്നു<br><br><br><br><br>• സർഗാത്മകത | • ക്ലാസ്സ് ലൈബ്രറിയിൽ പുസ്തകങ്ങൾ എത്തിക്കാൻ ഗ്രന്ഥശാലയെ സ്കൂളുമായി ബന്ധിപ്പിക്കുക.<br>• ഗ്രന്ഥശാലയിൽ എല്ലാ കുട്ടികളേയും അംഗങ്ങളാക്കുക<br>• സി.ഡി.ലൈബ്രറി<br>• ഇതിഹാസങ്ങളും പുരാണങ്ങളും കഥ, കവിത, നോവൽ തുടങ്ങിയ എല്ലാ സാഹിത്യ രൂപങ്ങളും പരിചയപ്പെടുത്തുന്നു<br>• .സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ ചിത്രരചന, സവിശേഷ പ്രയോഗങ്ങൾ, വിശകലനം ചെയ്യൽ, ശബ്ദഭംഗി കണ്ടെത്തൽ, കാവ്യാലാപനം വർണ്ണന തയ്യാറാക്കൽ, കഥപറയൽ, ചൊല്ലുകൾ നിർമ്മിക്കൽ<br>• കടങ്കഥ ശേഖരിക്കൽ, പതിപ്പു നിർമ്മാണം, ചുമർ പത്രിക തയാറാക്കൽ, ദൃക്സാക്ഷി വിവരണം, വാങ്മയ ചിത്രം രൂപപ്പെടുത്തൽ, വിശകലന കുറുപ്പു തയ്യാറാക്കൽ, ശൈലികൾ ശേഖരിക്കൽ<br>• കഥാപാത്ര നിരൂപണം, പ്രസംഗം തയ്യാറാക്കൽ, താളത്തിനും ഭാവത്തിനും അനുസരിച്ച് ഈണം കണ്ടെത്താൻ | | |

| | | | |
|---|---|---|---|
| | സൂചനയിലൂടെ സാഹിത്യകാര<br>ന്മാരെ കണ്ടെത്തൽ ആഴ്ചയിൽ<br>ഒരു കവിത | | |
| • ജീവചരിത്ര<br>കുറുപ്പ് | • ജീവിതകാലം, ജന്മസ്ഥലം,<br>പ്രവൃത്തിമണ്ഡലം, വഹിച്ച പദ<br>വികൾ പ്രശസ്തി, കൃതികൾ,<br>ബഹുമതികൾ | | |
| • അഭിനയം | • പാഠഭാഗത്തിന്റെ നാടകാവി<br>ഷ്ക്കരണം, രചന, സംഘാടനം,<br>അവതരണം, നാടകരചയിതാ<br>വിനെ പരിചയപ്പെടുത്തൽ | | |
| • സാഹിത്യകാര<br>ന്മാരെ കണ്ടെ<br>ത്തൽ | • സാഹിത്യകാരന്മാരുമായി<br>സംവാദിക്കുന്നതിനുള്ള അവ<br>സരം ഒരുക്കുന്നു അവരുടെ<br>അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>അവരുടെ കൃതികൾ പരിചയ<br>പ്പെടുത്തൽ | | |
| • മാതൃഭാഷാ<br>പഠനം | • മലയാളത്തിളക്കം | | |
| • ശില്പശാല | • എഴുത്ത്, വായന, പിന്നോക്ക<br>ക്കാർക്കുവേണ്ടി ശില്പശാലകൾ<br>ശ്രദ്ധയുമായി ബന്ധപ്പെട്ട<br>പ്രവർത്തനം | | |
| • കയ്യെഴുത്തു<br>മാസിക | • ദിനാചരണങ്ങളുമായി ബന്ധ<br>പ്പെട്ട് കയ്യെഴുത്തു മാസിക തയ്യാ<br>റാക്കുന്നു. ദിനാചരണങ്ങളു<br>മായി ബന്ധപ്പെട്ട കുട്ടികളുടെ | | |

| | | | |
|---|---|---|---|
| | ചിന്തകൾ, ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം, പരിസ്ഥിതി ദിനം എന്നീ ദിനങ്ങളിൽ വിവിധ ക്ലാസ്സുകളിൽ നടന്ന ചർച്ചകളെ ഭാഷാ ക്ലാസ്സിൽ സംയോജിപ്പിച്ച് കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. | | |
| • ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നു | • ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ഇംഗ്ലീഷിൽ പ്രാർത്ഥന, പ്രതിജ്ഞ, പത്രപാരായണം വിവിധ വിഷയങ്ങളെക്കുറിച്ച് ചെറിയ ചെറിയ പ്രഭാഷണങ്ങൾ വായനാ സാമഗ്രികൾ വായിക്കാൻ അവസരം | | |
| • ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | • സ്കൂളിലെ ഒരു മാസത്തെ വിശേഷങ്ങൾ മറ്റൊരു സ്കൂളിൽ പഠിക്കുന്ന കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | | |
| • മറ്റുകളികളോടൊപ്പം ഇംഗ്ലീഷിലുള്ള കളികളിൽ താല്പര്യം ഉണ്ടാകുന്നു. | • ഓരോ ക്ലാസ്സിലും രൂപപ്പെടുന്ന സ്കിറ്റുകളും സംഭാഷണങ്ങളും മാസത്തിൽ ഒരു തവണ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ചെറിയ ഇംഗ്ലീഷ് മാഗസിനുകൾ കഥാ പുസ്തകങ്ങൾ കവിതാ പുസ്തകങ്ങൾ എന്നിവ ഓരോ ക്ലാസ്സ് നിലവാരത്തിലുള്ള പലതരം തിരിച്ച് വിതരണം ചെയ്യുന്നു. | | |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് പഠനം<br>• സംസാരിക്കുവാനുള്ള കഴിവ് | • സന്ദർഭം ഉണ്ടാക്കുന്നു ചോദ്യങ്ങൾ ചോദിക്കുന്നു ഉത്തരങ്ങൾ പറയിപ്പിക്കുന്നു. | | |
| • അഭിനയം | • നാടകം, സംഭാഷണങ്ങൾ | | |
| • വായന | • Simple stories, Poem Little hands, Magazines English Assembly, Quiz Programmes, English fest | | |
| • എഴുത്ത് | • കഥ പൂർത്തിയാക്കൽ, തിരക്കഥാ നിർമ്മാണം, ഗ്രീറ്റിങ്സ് കാർഡ് നിർമ്മാണം, പത്ര നിർമ്മാണം, പത്ര നിർമ്മാണം | | |
| • ICT സാധ്യത പ്രയോജനപ്പെടുത്തൽ | • Project, Magazine, Speech, Profile, Cinema, നിഘണ്ടു നിർമ്മാണം | | |
| ഗണിതപഠനം<br>• ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു. | • പലിശ കാണുവാനുള്ള കഴിവ് പരപ്പളവ് കാണുന്നു<br>ദൂരം, സമയം, വേഗത ഇവ തമ്മിലുള്ള ബന്ധം | | |
| • ഗവേഷണ പ്രവർത്തനങ്ങൾക്ക് താൽപ | • പ്രോജക്ട് | | |

| | | | |
|---|---|---|---|
| ര്യമുണ്ടാക്കുന്നു. | | | |
| • ഗണിതം ആസ്വദിക്കാനുള്ള കഴിവ് | • മന:കണക്ക്, പസ്സിൽസ്, കുസൃതി കണക്കുകൾ, പഴഞ്ചൊല്ലുകൾ, ശേഖരണം | | |
| • കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നു. സംഖ്യാബോധം | • ജ്യാമിതീയ രൂപങ്ങൾ, വരയ്ക്കൽ, അളക്കൽ, നിർമ്മാണം, | | |
| • ഗണിത പഠനത്തിൽ ICT സാധ്യതകൾ ഉപയോഗിക്കുന്നു. | • 'ജിയോജിബ്ര' ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു | | |
| • ഗണിതലാബ് | • ചാർട്ടുകൾ, മോഡലുകൾ, പഠനോപകരണങ്ങൾ മാഗസീനുകൾ | | |
| • ലൈബ്രറി | • ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ, Puzzles | | |
| • ഗണിതോത്സവം | • നാടകം, ക്വിസ്സ് മത്സരങ്ങൾ, ന്യൂമാക്സ് | | |
| • ശാസ്ത്രപഠനം | • പരീക്ഷണം, നിരീക്ഷണം എന്നിവയിലൂടെ പരീക്ഷണങ്ങളിൽ ഏർപ്പെടൽ | | |
| • സയൻസ് ലാബ് മെച്ചപ്പെടുത്തൽ | • ലാബ് ഉപകരണങ്ങൾ പരിചയപ്പെടൽ | | |

| | | | |
|---|---|---|---|
| • ICT സാധ്യത പ്രയോജനപ്പെടുത്തൽ<br><br>• സയൻസ് അസംബ്ലി | • മൈക്രോസ്കോപ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു<br><br>• പ്രോജക്ട്, സെമിനാർ എന്നിവ അവതരിപ്പിക്കൽ, പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ, പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുന്നു. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ വ്യക്തി ശുചിത്വം സാമൂഹ്യശുചിത്വം പാലിച്ചുകൊണ്ട് ശാരീരക-മാസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുന്നു. ശാസ്ത്രവബോധം വളർത്തൽ ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തൽ ICT ഉപയോഗിച്ച് പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, പരീക്ഷണങ്ങൾ അസംബ്ലിയിൽ അവതരിപ്പക്കൽ, ശാസ്ത്രതത്വം മനസ്സിലാക്കൽ ശാസ്ത്രജ്ഞാന്മാരെ പരിചയപ്പെടല, ശാസ്ത്ര നാടകം പരിചയപ്പെടൽ, ശാസ്ത്ര നേട്ടങ്ങൾ സാമൂഹ്യനന്മയ്ക്ക് പ്രയോജനപ്പെടുത്തൽ, സെമിനാർ, പ്രോജക്ട് എന്നിവയുടെ അവതരണം റിപ്പോർട്ട് | | |

| | | | |
|---|---|---|---|
| • സാമൂഹ്യ ശാസ്ത്ര പഠനം ഭൂപടം, ഗ്ലോബ് എന്നിവ പരിചയപ്പെടൽ<br><br>• ICT സാധ്യത ഉപയോഗിക്കൽ | തയ്യാറാക്കാല് ആഹാരം, ആരോഗ്യം ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തി പരമായി ശാസ്ത്രീയ തീരുമാനമെടുക്കൽ.<br><br>• ഭൂപടം, ഗ്ലോബ്, അറ്റ്ലസ് എന്നിവ ഉപയോഗിച്ച സ്ഥലങ്ങൾ, അക്ഷാംശരേഖാംശരേഖ എന്നിവ തിരിച്ചറിയുന്നു.<br><br>• ICT സാധ്യത ഉപയോഗിച്ച സാമൂഹ്യ പരിഷ്കർത്താക്കളെ തിരിച്ചറിയുന്നു. വിവരങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ ഔഷധ സസ്യങ്ങൾ, പരിചയപ്പെടൽ, പതിപ്പ് തയ്യാറാക്കൽ, ദൈനംതിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തന്നു. ശാരീരിക മാനിസക, സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുന്നു. ചരിത്ര സ്മാരകങ്ങൾ തിരിച്ചറിയുന്നു. ദൃശ്യമാധ്യമങ്ങൾ ഉപയോഗിച്ച പരിചയപ്പെൽ, ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തന്നു. തൊഴിൽ മേഖല പരിചയപ്പൊുനനു. അവയെ തരംതരിക്കുന്നു. ഭക്ഷ്യോൽപ്പാദന രംഗത്തെ മാറ്റങ്ങൾ-ഡയഗ്രം വിശകലനം ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ, സവി | | |

| | | | |
|---|---|---|---|
| | സവി ശേഷതകൾ എന്നിവ ചർച്ച,<br>സർവ്വേ, താരതമ്യക്കുറുപ്പ് തയ്യാ<br>റാക്കൽ, ഭക്ഷ്യോൽപ്പാദന<br>രംഗത്തെ വെല്ലുവളികളും പരി<br>ഹാരവും കണ്ടെത്തുന്നു.<br>രൂപരേഖ, ഭൂപടം എന്നിവയുടെ<br>സവിശേഷതകൾ വേർതിരിക്ു<br>ന്നു. പ്രകൃതി ദുരന്തങ്ങളെ തിരി<br>ച്ചറിഞ്ഞ് അവയെ നേരിടാനുള്ള<br>ശേഷികൾ കണ്ടെത്തുന്നു. ഭൂപട<br>ങ്ങളിലെ നിറങ്ങളും ചിഹ്ന<br>ങ്ങളും തിരിച്ചറിയാനുള്ള ശേഷി<br>നേടുന്നു. പരിസ്ഥിതിയെ ദോഷ<br>കരമായി ബാധിക്കുന് മനുഷ്യ<br>പ്രവർത്തനങ്ങൾക്ക് എതിരെ<br>പ്രതികരിക്കുന്നു. സ്വാതന്ത്ര്യം<br>കാത്തു സൂക്ഷിക്കേണ്ടത് ഓരോ<br>ഇന്ത്യാക്കാരന്റെയും കടമയാ<br>ണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തി<br>ക്കുന്നു. ഭരണ ഘടനയുടെ<br>അടിസ്ഥാന സവിശേഷതകൾ<br>വ്യക്തമാക്കുന്നു. | | |

# हिन्दी शैक्षिक क्षेत्र माध्यमिक क्षेत्र

| लक्ष्य | प्रोक्ति | | |
|---|---|---|---|
| हमारा राष्ट्र भाषा संपर्क भाषा ओर राजनीतिक भाषा के रूप में-हिन्दी भाषा का महत्व पहचाना और अच्छी तरह से व्यवहार करने का क्षमता बढाना। | कहानी-कविता छोटी कविता का पुस्तक अधिक अधिक से देना<br><br>कविता को ताल देना और ढल में आलापन करता।<br><br>हिंदी का वातावरण केलिए बच्चे को संभाषण चलाने का अवसर दिया और नाटक मचन करना<br><br>नये नये शब्द परिचय पाने को शब्द सवाल कर समानर्थ पद टूटने का अवसर दिया।<br><br>का सहायता से वातवरण बनाता। | दिनाचरण के अवसर पर पत्रिक तैयरा किया। स्कूल के सभी बचों को इस में भाग लेने का अवसर दिय।<br><br>हिंदी असंब्ली तैयार किया। | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കലാവിദ്യാഭ്യാസം | • ഇടവേളകളിൽ കുട്ടികൾക്ക് നൃത്തം, പാട്ട് എന്നിവയ്ക്ക് പരിശീലനം നൽകണം | | |
| ആരോഗ്യ<br>കായിക<br>വിദ്യാഭ്യാസം | • യോഗാപരിശീലനം നൽകുന്നു കായിക പരിശീലനം മാസ്ഡ്രിൽ മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്നവിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയുള്ള വിശാലമായ മൈതാനം നീന്തൽ പരിശീലനം | | |
| • ചിത്ര രചനയിൽ പ്രാവീണ്യം നേടൽ | • സ്കൂൾ തലത്തിൽ ചിത്ര രചനാ ശില്പശാല നടത്തുക | | |
| • ശ്രദ്ധ<br>• പാനപിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എനിക്കും ക്ലാസ്സിൽ ഒരിടമുണ്ട്. എന്റെ അറിവും പരിഗണിക്കപ്പെടും എന്ന് ഓരോ കുട്ടിക്കും തോന്നും. | • അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്നു പറയാൻ ഓരോ കുട്ടിക്കും അവസരം നൽകും<br>• സവിശേഷ കഴിവുകണ്ടെത്തി പ്രോത്സാഹിപ്പിക്കും<br>• എല്ലാവർക്കും തുല്യപരിഗണന നൽകും കുട്ടിയുടെ ഓരോ നേട്ടത്തെയും പ്രോത്സാഹിപ്പിക്കും<br>• ശിശു സൗഹാർദ സമീപനം സ്വീകരിക്കും | | |

**ീക്ഷിത നേട്ടങ്ങൾ**

ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

വിദ്യാലയ പ്രവേശനത്തിൽ കുട്ടികളുടെ എണ്ണം കൂടുന്നു.

വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴി യുന്നു.

സ്കൂൾ സമൂഹത്തിൽ എന്ന ആശയം

**നിട്ടറിംഗ് രീതി**

ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുക (AEO, BPO)

ദൈനംദിന സ്കൂൾതല പ്രവർത്തനം (HM, PTA, SRG Convenor) എന്നിവരുടെ ചുമതലകൾ നടത്തുക.

...ാദാര

നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തും പൊതു
...ത്തിന്റെ അംഗീകാരം ലഭിക്കും. കുട്ടികളുടെ മികവ് വിഷയ പഠന
... ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തര
... സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം
...ധിക്കാൻ കഴിയുന്നു. നമ്മുടെ സംസ്കാരവും പൈതൃകവും കാത്തു
...ിക്കുന്നതിന് ഈ വിദ്യാലയ വികസന പദ്ധതി രേഖ കുട്ടികൾക്ക്
...ോജനപ്പെടും.

...നുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ
...്യവത്കരണം ഇപ്പോൾ ദൂരവ്യാപകമായ ദോഷ ഫലങ്ങൾ സൃഷ്ടിച്ചു
...ിരിക്കുന്നു. ഇവയ്ക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ
...ക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
...ാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹി
...ാരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്.
...ങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ
...ൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും ഈ വികസന രേഖ ഉപകരി
...ന്ന് സവിനയം പ്രതീക്ഷിച്ചുകൊണ്ട് ഇത് സമർപ്പിക്കുന്നു.